LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയിൽ പി.എം.ജി.ആർ.എസ്.വൈ. പദ്ധതി

30 (1501) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.ആർ.എസ്.വൈ.പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ 2011-12 മുതൽ അനുമതി നൽകിയ പദ്ധതികളും തുകയും എത്ര വീതമെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഹാഡാ പദ്ധതികൾ

31 (1502) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവർത്തികളാണ് ഹാഡാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) മലയോര വികസന ഏജൻസി മുഖേന 2012-13 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധം-1*-ൽ ചേർത്തിരിക്കുന്നു. ഇതിൽ ഭരണാനുമതി നൽകിയ പ്രവർത്തികളുടെ ലിസ്റ്റും ഭരണാനുമതിയുടെ പകർപ്പും അനുബന്ധം 2*-ൽ ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.